സ്വഹാബിമാരുടെ ചരിത്രം

അമ്മാർ ഇബ്നു യാസിർ (റ)

> *“യാസിർ കുടുംബമേ , ക്ഷമിക്കുക , നിങ്ങൾക്ക് സ്വർഗ്ഗം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു . ” പീഡനങ്ങൾകൊണ്ട് വീർപ്പ് മുട്ടിയ ആ കുടുംബത്തെ നബി (സ) ആശ്വസിപ്പിച്ചു*

അമ്മാറും പിതാവ് യാസിറും മാതാവ് സുമയ്യയും ഇസ്ലാമിന്ന് വേണ്ടി ശത്രുക്കളിൽ നിന്ന് അനുഭവിക്കാവുന്നേടത്തോളം യാതന അനുഭവിച്ച ത്യാഗികളായിരുന്നു. യാസിറുബ്നു ആമിർ നാട് വിട്ട് പോയ സഹോദരനേയും തേടി സ്വദേശമായ യമനിൽ നിന്ന് മക്കയിലെത്തി. അവിടെ അബൂഹുദൈഫയുടെ സംരക്ഷണയിൽ സ്ഥിരതാമസമാക്കി, അബൂഹുദൈഫ തന്റെ ഒരു അടിമസ്ത്രീയായിരുന്ന സുമയ്യയെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തു ആ ദമ്പതിമാരിലാണ് അമ്മാർ (റ) ജനിച്ചത്. ദരിദ്രരും താഴെ കിടയിലുള്ളവരുമായിരുന്നു ആ കുടുംബം. ഇസ്ലാമിന്റെ പ്രാരംഭദശയിൽതന്നെ അവർ ഇസ്ലാംമതമാശ്ലേഷിച്ചു. തന്മൂലം മൃഗീയമായഅക്രമങ്ങൾകൊണ്ട് അവർ അഭിഷേകം ചെയ്യപ്പെട്ടു. പുതുവിശ്വാസികൾ മാന്യന്മാരും മേലെ കിടയിലുള്ളവരുമാണെങ്കിൽ ആദ്യമൊക്കെ അബൂജഹലിനെ പോലുള്ള ഖുറൈശി പ്രമുഖർ അവരെ ഭീഷണിപ്പെടുത്തുകയും പൊതുകാര്യങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തുകയും മാത്രമേ ചെയ്യുമായിരുന്നുള്ളു എന്നാൽ ദരിദ്രരും താഴെ കിടയിലുള്ളവരുമാണെങ്കിൽ തുല്യതയില്ലാത്ത പീഡനങ്ങൾ അവരെ അനുഭവിപ്പിക്കുമായിരുന്നു. അമ്മാറിന്റെ കുടുബത്തിന്റെ കാര്യം ഏറ്റെടുത്തത് ബനൂമഖ്സും ഗോത്രക്കാരായിരുന്നു. കാട്ടുമൃഗങ്ങൾപോലും ലജ്ജിക്കുന്ന അക്രമങ്ങൾ അവർ അഴിച്ചുവിട്ടു. യാസിറിന്റെ കുടുബം അനുഭവിക്കുന്ന വേദനയറിഞ്ഞ നബി (സ) യുടെ ഹൃദയം പൊട്ടി . എന്തുചെയ്യും ? ആർദനയനങ്ങളുടെ സർവ്വാധിനാഥനോട് പ്രാർഥിക്കുകയല്ലാതെ. നബി (സ) അവരെ എല്ലാ ദിവസവും സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ നബി (സ) പറഞ്ഞു :” അമ്മാറെ ക്ഷമിക്കുക. യാസിറിന്റെ കുടുംബമേ , ക്ഷമിക്കുക. നിങ്ങൾക്ക് സ്വർഗ്ഗം വാഗ്ദത്തം ചെയ്യപ്പെട്ടിരുക്കുന്നു “. അംറുബ്നുഹകം പറയുന്നു . ” പ്രജന്തയറ്റു വീഴുന്നതുവരെ അവർ അമ്മാറിനെ അക്രമിക്കുമായിരുന്നു. തീകൊണ്ട് അവർ അദ്ദേഹത്തിന്റെ ദേഹം പൊള്ളിച്ചു “. നബി (സ) അദ്ദേഹത്തിന്റെ തല തടവികൊണ്ടു പറഞ്ഞു : “തീയെ , അമ്മാറിന്നു നി രക്ഷയും തണുപ്പുമായി ഭവിക്കുക. ഇബ്രാഹിമിന് രക്ഷയും

തണുപ്പുമായത് പോലെ അവർ അമ്മാറിന്റെ നഗ്നമായ ശരീരം കനൽ കത്തുന്ന മരുഭൂമിയിലെ മണിൽ മലർത്തിയിട്ടു. പാറക്കഷണങ്ങൾ കനംവെച്ചു. വെള്ളത്തിൽ മുക്കി ശ്വാസം മുട്ടിച്ചു വ്രണങ്ങൾ കുത്തിനോവിച്ചു. ലാത്തയും ഉസ്സയെയും പ്രകീർത്തിക്കാൻ നിർബന്ധിച്ചു. ഒരിക്കൽ അർദ്ധബോധാവസ്ഥയിൽ അമ്മാർ അക്രമി കളുടെ അഞ്ജയനുസരിച്ചു എന്തൊക്കെയോ പറഞ്ഞുപോയി. അവരുടെ ദൈവങ്ങളെ കുറിച്ചുള്ള പ്രകീർത്തനങ്ങളായിരുന്നു അത്. അമ്മാറിന്ന് ബോധം വന്നപ്പോൾ ഹൃദയം നൊന്ത് വിലപിച്ചു. അല്ലാഹു പൊറുക്കാത്ത വചനങ്ങൾ നാവിലൂടെ ഉരുവിട്ടിരിക്കുന്നു. അദ്ദേഹം വേദനിച്ചു . നബി (സ) യ കണ്ടപ്പോൾ കരഞ്ഞുകൊണ്ട് ഓടിച്ചെന്നു. അത്ഭുതകരമെന്നു പറയട്ടെ നബി (സ) അദ്ദേഹത്തോട് അങ്ങോട്ട് ചോദിച്ചു " അക്രമികൾ പിടിച്ചു വെള്ളത്തിൽ മുക്കി ശ്വാസംമുട്ടിച്ചപ്പോൾ പലതും പറഞ്ഞുപോയി അല്ലേ ? " നബി (സ) പറഞ്ഞു " സാരമില്ല നിർബന്ധിക്കപ്പെട്ടവന് ശിക്ഷയില്ല അവന്റെ ഹൃദയം സത്യവിശ്വാസത്തിൽ അധിഷ്ഠിതമാണെങ്കിൽ എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അത് കേട്ടപ്പോൾ അമ്മാറിന്ന് സന്തോഷമായി.

മുസ്ലിംകൾ മദീനയിൽ ഒരു പുതിയ സമൂഹത്തിന് അടിത്തറ പാകി. അത് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ആ സമൂഹത്തിൽ അമ്മാറി (റ) ന്റെ പദവി ഉന്നതമായിരുന്നു. നബി (സ) അദ്ദേഹത്തെക്കുറിച്ചു പറഞ്ഞു അമ്മാറിന്റെ മജ്പോലും ഈമാൻകൊണ്ട് നിറക്കപ്പെട്ടിരിക്കുന്നു. ഒരു ദിവസം ഖാലിദുബ്നുൽ വലീദും(റ) അമ്മാറും (റ) അനാശാസ്യകരമായ ചില വാക്കേറ്റം നടന്നു. അത് നബി (സ) അറിഞ്ഞു. നബി (സ) ഖാലിദി (റ) നോട് പറഞ്ഞു അമ്മാറിനോട് പ്രകടിപ്പിക്കുന്ന ശത്രുത അല്ലാഹുവിനോടാകുന്നു. അമ്മാറിനെ ദേഷ്യം പിടിപ്പിക്കുന്നവൻ അല്ലാഹുവിനെയാകുന്നു ദേഷ്യം പിടിപ്പിക്കുന്നത്. ഇത് കേട്ടമാത്രയിൽ ഖാലിദ് (റ) അമ്മാറി (റ) ന്റെ അടുത്ത് ചെന്നു മാപ്പപേക്ഷിച്ച. നബി (സ) ഒരിക്കൽ ഇങ്ങനെ പറഞ്ഞു " എന്റെ ശേഷം അബൂബക്കറിനെയും ഉമർറി (റ) നെയും നിങ്ങൾ പിന്തുടരുക, അമ്മാറിന്റെ മാർഗം അവലംബിക്കുകയും പെയ്യുക. സാധാരണയിൽ കവിഞ്ഞ നീളവും വിരിഞ്ഞ മാറിടവും നീല കണ്ണുകളുമുള്ള ആവശ്യത്തിനു മാത്രം സംസാരിക്കുന്ന ആളായിരുന്നു അമ്മാർ.

ബദർ, ഉഹ്ദ്, തബൂക്ക്, ഖന്തക്ക് എന്നിവ അടക്കം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി (സ) യുടെ കൂടെ പങ്കുകൊണ്ടു. പ്രവാചകരുടെ മരണാനന്തരമുണ്ടായ റോമാ, പേർഷ്യൻ യുദ്ധങ്ങളിലും യമാമയിലും അദ്ദേഹത്തിന്റെ പങ്ക് മഹത്തരമായിരുന്നു. ഉമർ (റ) അദ്ദേഹത്തെ കൂഫയിലെ ഗവർണ്ണറായി നിയമിച്ചു. അബ്ദുല്ലാഹ് ഇബ്നു മസ്ഊദി (റ) നെ ഖജനാവ് സൂക്ഷിപ്പുകാരനായും. എന്നിട്ട് കൂഫയിലെ ജനങ്ങൾക്ക് ഉമർ (റ) ഇങ്ങനെ എഴുതി : " ഞാൻ നിങ്ങൾക്ക് അമ്മാറിനെ ഗവർണ്ണറായും ഇബ്നു മസ്ഊദിനെ മന്ത്രിയും മുഅല്ലിമുമായും അയക്കുന്നു. അവർ രണ്ടു പേരും ബദറിൽ സംബന്ധിച്ചവരും മുഹമ്മദ് നബി (സ) യുടെ അനുയായികളിൽ പ്രശസ്തരുമാകുന്നു". പദവിയും അധികാരവും അമ്മാറിനെ കൂടുതൽ വിനയാന്വിതനും ഭക്തനു മാക്കിത്തീർത്തു. ഇബ്നു അബിൽ ഹുദൈർ പറയുന്നു : " കൂഫയിലെ ഗവർണ്ണറായ അമ്മാർ (റ) അങ്ങാടിയിൽ നിന്ന് പച്ചക്കറി വാങ്ങി, കയറു കൊണ്ട് കെട്ടി വരിഞ്ഞു ചുമലിൽ പേറി നടന്നുപോകുമായിരുന്നു അങ്ങാടിയിൽ നിന്ന് ഒരാൾ അദ്ദേഹത്തെ " ചെവി മുറിഞ്ഞവനേ" എന്ന് വിളിച്ചു പരിഹസിച്ചു അമ്മാർ (റ) അവനോടു പറഞ്ഞു " എടാ , എന്റെ ഉത്തമമായ ഒരംഗത്തെക്കുറിച്ചാണ് നീ പരിഹസിച്ചത് കാരണം, അല്ലാഹുവിന്റെ മാർഗത്തിലാണ് ഇത് മുറിഞ്ഞു പോയത്".

ക ക ക

യമാമ യുദ്ധദിവസം കള്ളപ്രവാചകനായ മുസൈലിമയുടെ അനുയായികളിൽ നിന്ന് തീക്ഷ്ണമായ പരീക്ഷണം മുസ്ലിം സൈന്യത്തിന് ഏൽക്കേണ്ടി വന്നു. അന്ന് അനുപമമായ ധൈര്യം പ്രകടിപ്പിച്ചു കൊണ്ട് അമ്മാർ (റ) ശത്രുക്കളെ വകവരുത്തി ക്കൊണ്ടിരുന്നു. നവാഗതരായ ബഹുഭൂരിഭാഗം സൈനികർ ഉൾക്കൊണ്ടതായിരുന്നു യമാമയിലെ മുസ്ലിംനിര. ശത്രുക്കളുടെ മുന്നേറ്റം തടുക്കാനാവാതെ അവർ ചിതറിപ്പോയി. ആ ഘട്ടത്തിൽ അമ്മാറി (റ) നെ പോലുള്ളവർക്ക് വളരെ യാതന സഹിക്കേണ്ടിവന്നു. അബ്ദുല്ലാഹിബ്നു ഉമർ (റ) പറയുന്നു : " യമാമാ യുദ്ധദിവസം അമ്മാർ (റ) ഒരു പാറക്കല്ലിൽ കയറി നിന്നു കൊണ്ട് " മുസ്ലിം സമൂഹമേ , സ്വർഗ്ഗത്തിൽ നിന്നാണോ നിങ്ങൾ പിന്തിരിഞ്ഞാടുന്നത് ? ഞാനിതാ , അമ്മാറു ബ്നു യാസിർ ഇങ്ങോട്ടു വരൂ ' എന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു. അന്നേരത്ത് അദ്ദേഹത്തിന്റെ ഒരു ചെവി അറ്റുതൂങ്ങി മുറിവിലൂടെ രക്തം ധാരയായി ഒഴുകുന്നുണ്ടായിരുന്നു.

പ്രവാചകരും അനുയായികളും മദീന പള്ളിയുടെ നിർമ്മാണത്തിൽ മുഴുകി യിരിക്കുകയാണ്. അവർ പല നശീദകളും ബൈത്തുകളും പാടുന്നുണ്ടായിരുന്നു. അമ്മാർ (റ) ഏകനായി ഒരു വലിയ പാറകല്ല് പ്രയാസപ്പെട്ടു ചുമന്നു വരുന്നത് നബി (സ) കണ്ടു. അദ്ദേഹത്തിന്റെ തലയില് പുരണ്ട പൊടി സ്നേഹപൂർവ്വം തടവിക്കൊണ്ട് നബി (സ) പ്രവചിച്ചു : "അക്രമികളായ ഒരു വിഭാഗത്തിന്റെ കൈ കൊണ്ടായിരിക്കും അമ്മാർ നിന്റെ മരണം". മറ്റൊരിക്കൽ അമ്മാർ (റ) ഒരു വലിയ മതിലിനു താഴെ ജോലി ചെയ്തു കൊണ്ടിരിക്കുകയായിരുന്നു യാദൃശ്ചികമായി ആ മതിൽ പൊളിഞ്ഞു വീണു കൂടെയുണ്ടായിരുന്നവർ നബി (സ) യുടെ അടുക്കൽ ഓടിച്ചെന്നു പറഞ്ഞു : " നബിയ , അമ്മാർ മതിലു വീണു മരിച്ചിരിക്കുന്നു" അതുകേട്ടു അവിടെ ഉണ്ടായിരുന്നവർ ഭയചകിതരായി, പക്ഷേ നബി (സ) ശാന്തനായി ഇങ്ങനെ പറഞ്ഞു ; " ഇല്ല, അമ്മാർ അങ്ങനെ മരണപ്പെടുകയില്ല അദ്ദേഹം ഒരു വിഭാഗം അക്രമികളുടെ കൈ കൊണ്ടായിരിക്കും മരണപ്പെടുക, ശരിയായിരുന്നു അമ്മാറി (റ) ന് ഒരു ആപത്തും പിണഞ്ഞിരുന്നില്ല. സിഫ്ഫീൻ യുദ്ധത്തിൽ അലി (റ) യുടെ ഭാഗത്ത് അമ്മാർ (റ) രണാങ്കണത്തിലിറങ്ങി, ഒരു മുപ്പതുകാരനെ പോലെ അദ്ദേഹം യുദ്ധക്കളത്തിൽ പൊരിഞ്ഞു. അദ്ദേഹത്തിന് അന്ന് തൊണ്ണൂറ്റിമൂന്ന് വയസ്സുണ്ടായിരുന്നു ! " അരാജകത്വത്തിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷ തേടുന്നു " എന്ന് മാത്രം ഉരുവിട്ടുകൊണ്ടിരുന്നു അദ്ദേഹം തന്റെ മരണത്തോടടുത്ത സമയം യുദ്ധക്കളത്തിൽ വച്ചു അമ്മാർ (റ) പറഞ്ഞു : " ഇന്ന് ഞാൻ എന്റെ പ്രിയങ്കരനായ നബി (സ) യെയും അനുയായികളെയും കണ്ടു മുട്ടും. മുആവിയ (റ) യുടെ അനുയായികളിൽ പലരും അമ്മാറി (റ) നോട് ഏറ്റു മുട്ടാതെ പിന്തിരിഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. അമാറിനെ കൊലപ്പെടുത്തുന്ന ആ അക്രമികളിൽ ഉൾപ്പെടരുത് എന്നായിരുന്നു അവരുടെ ആഗ്രഹം. എങ്കിലും അന്ന് അമ്മാർ (റ) രക്തസാക്ഷിയായി.

റോമാ - പേർഷ്യൻ അതിർത്തിപ്രദേശങ്ങളിൽ നിന്നുള്ളവരും വേണ്ടത്ര പക്വതയും ഈമാനികമായ ദൃഢതയും കൈവരിച്ചിട്ടില്ലാത്തവരുമായിരുന്നു മുആവിയ (റ) യുടെ പക്ഷക്കാരിൽ അധികവും. അമ്മാറി (റ) ന്റെ മരണം മുസ്ലിംകളിൽ കോളിളക്കമുണ്ടാക്കി. മദീന പള്ളിയുടെ നിർമ്മാണസമയത്ത് നബി (സ) നടത്തിയ പ്രവചനം മഹാന്മാരായ സഹാബിമാരുടെ സ്മരണയിലുണ്ടായിരുന്നു . മുആവിയ (റ) പറഞ്ഞു : " അമ്മാറിൻറ ഘാതകർ ആക്രമികൾ തന്നെ , സംശയമില്ല . അത് നബി (സ) യുടെ പ്രവചനവുമാണ് . പക്ഷേ ഈ ഘാതകർ ഞങ്ങളല്ല ! അമ്മാറിനെ രണാങ്കണത്തിലിറക്കിയ അലിയാണ് അതിനുത്തരവാദി ! അദ്ദേഹം സ്വന്തം വീട്ടിൽ

സ്വസ്ഥമായി ഇരിക്കുകയാരുന്നെങ്കിൽ മരിക്കുകയില്ലായിരുന്നു. അമ്മാറി (റ) ന്റെ മൃതശരീരം പുരണ്ട വസ്ത്രത്തിൽ പൊതിഞ്ഞു മറവു ചെയ്തു . നബി (സ) ഒരിക്കൽ അമാറി (റ) നെ കുറിച്ചു ഇങ്ങനെ പറഞ്ഞിരുന്നു " അമ്മാറിനെ സ്വർഗ്ഗം ആർത്തിയോടുകൂടി കാത്തിരിക്കുന്നുണ്ട് ".

Copyright © 2020 · Wisdom Islamic Organization

ക ക ക